# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 976 — 11.07.2011 ൽ മറുപടിക്ക്

## സഹകരണ വകുപ്പ് നടത്തുന്ന നെല്ല് സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ വകുപ്പ് 2010 ൽ ആരംഭിച്ച നെല്ല് സംഭരണം ഇപ്രാവശ്യവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വിശദമാക്കാമോ; | (എ) സഹകരണ വകുപ്പ് മുഖേന 2010 സീസണിൽ നെല്ല് സംഭരണം നടത്തിയ അതേ രീതിയിൽ 2011 ലും നെല്ല് സംഭരണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) സർക്കാർ പ്രഖ്യാപിക്കുന്ന നിരക്കിലുള്ള തുക സഹകരണ സംഘങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) പ്രാഥമിക സഹകരണ സംഘങ്ങൾ സംഭരിക്കുന്ന നെല്ല് നോഡൽ ഏജൻസിയായ കൺസ്യൂമർഫെഡിന് കൈമാറി തുക കൈപ്പറ്റണമെന്നതാണ് നിലവിലുള്ള നിർദ്ദേശം. |
| (സി) മുൻകാലങ്ങളിൽ കർഷകർക്കും സംഘങ്ങൾക്കും ഉണ്ടായിട്ടുള്ള കുടിശ്ശിക അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) സഹകരണ സ്ഥാപനങ്ങൾ മുഖേന 2010 സീസൺ മുതലാണ് നെല്ല് സംഭരണം ആരംഭിച്ചത്. ആയതിലേക്ക് സംഘങ്ങൾക്ക് അനുവദിക്കുന്നതിനുള്ള ധനസഹായമായി 4 കോടി രൂപ കൺസ്യൂമർഫെഡിന് അനുവദിച്ചിട്ടുണ്ട്. സംഘങ്ങൾക്ക് ഈ ഇനത്തിൽ കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) നെല്ല് സംഭരണ നടപടികൾ സീസൺ ആകുമ്പോൾതന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) 2011 സീസണിലെ നെല്ല് സംഭരണത്തിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ